# Physics Class Notes

## Unit 4 – പ്രകാശത്തിന്റെ പ്രതിപതനം

*വീഡിയോ കാണുന്നതിനായി ഇവിടെ ക്ലിക്ക് ചെയ്യുക.*

### പ്രകാശം

**വസ്തുക്കളെ കാണുന്നതിന് ആവശ്യം വേണ്ട ഊർജരൂപമാണ് പ്രകാശം. പ്രകാശത്തിന്റെ പ്രതിപതനം എന്ന പ്രതിഭാസമാണ് ഇതിന് കാരണം.**

### പ്രകാശത്തിന്റെ പ്രതിപതനം

**വസ്തുക്കളുടെ ഉപരിതലങ്ങളിൽ തട്ടി പ്രകാശരശ്മികൾ അതേ മാധ്യമത്തിലേക്കുതന്നെ തിരികെ വരുന്നതാണ് പ്രകാശപ്രതിപതനം.**




ഇവിടെ AO – പതനരശ്മി

OB – പ്രതിപതനരശ്മി

ON – പതനബിന്ദുവിലെ ലംബം

i - പതനകോൺ (പതനരശ്മിക്കും ലംബത്തിലും ഇടയിലുള്ള കോൺ)

r - പ്രതിപതനകോൺ (പ്രതിപതനരശ്മിക്കും ലംബത്തിലും ഇടയിലുള്ള കോൺ)

### പ്രതിപതനനിയമങ്ങൾ

- **മിനുസമുള്ള പ്രതലങ്ങളിൽ തട്ടി പ്രകാശം പ്രതിപതിക്കുമ്പോൾ പതനകോണും പ്രതിപതനകോണും തുല്ല്യമായിരിക്കും.**
- **പതനരശ്മിയും പ്രതിപതനരശ്മിയും പതനബിന്ദുവിലേക്ക് പ്രതിപതനതലത്തിനു വരയ്ക്കുന്ന ലംബവും ഒരേ തലത്തിലായിരിക്കും.**

### ക്രമപ്രതിപതനവും വിസരിതപ്രതിപതനവും



മിനുസമുള്ള പ്രതലത്തിൽനിന്നും പ്രകാശം പ്രതിപതിക്കുമ്പോൾ, പ്രതിപതനരശ്മികൾ പരസ്പരം സമാന്തരമായാണ് തിരിച്ചുപോകുന്നത്. ഇത്തരം പ്രതിപതനമാണ് ക്രമപ്രതിപതനം.
ഉദാ: പ്രകാശത്തിന് സമതലദർപ്പണങ്ങളിലും ഗോളീയ ദർപ്പണങ്ങളിലും സംഭവിക്കുന്ന പ്രതിപതനം.

മിനുസമല്ലാത്ത പ്രതലത്തിൽനിന്നും പ്രകാശം പ്രതിപതിക്കുമ്പോൾ, പ്രതിപതനരശ്മികൾ സമാന്തരമായല്ല പ്രതിപതിച്ചുപോകുന്നത്. ഇത്തരം പ്രതിപതനമാണ് വിസരിതപ്രതിപതനം. വിസരിതപ്രതിപതനത്തിൽ പ്രതിബിംബം രൂപീകരിക്കപ്പെടുന്നില്ല.
ഉദാ: പ്രകാശത്തിന് അന്തരീക്ഷത്തിലെ പൊടിപടലങ്ങളിൽ സംഭവിക്കുന്ന പ്രതിപതനം.

## സമതലദർപ്പണങ്ങളുടെ പ്രതിബിംബരൂപീകരണം




**O എന്ന ബിന്ദുവിൽനിന്നുള്ള OA, OC എന്നീ പതനരശ്മികൾ ദർപ്പണത്തിൽനിന്നും യഥാക്രമം AB, CD എന്നിങ്ങനെ പ്രതിപതിച്ചുപോകുന്നു. ഈ പ്രതിപതനരശ്മികൾ ദർപ്പണത്തിനുപിന്നിലെ I എന്ന ബിന്ദു വിൽനിന്നും പുറപ്പെടുന്നതായി തോന്നുന്നു. ഈ ബിന്ദുവിലാണ് O എന്ന വസ്തുവിന്റെ പ്രതിബിംബം രൂപപ്പെടുന്നത്.**

### പ്രതിബിംബത്തിന്റെ സവിശേഷതകൾ

- ദർപ്പണത്തിൽനിന്നു വസ്തുവിലേക്കും പ്രതിബിംബത്തിലേക്കുമുള്ള അകലം തുല്യമായിരിക്കും.
- മിഥ്യാ പ്രതിബിംബം
- വസ്തുവിന്റെ അതേ വലുപ്പം.

## ആവർത്തനപ്രതിപതനവും പ്രതിബിംബരൂപീകരണവും

രണ്ട് സമതലദർപ്പണങ്ങളുടെ ഒരു ജോഡി അരികുകൾ നിശ്ചിതമായ കോണളവിൽ ചേർത്തുവച്ച് ആവർത്തനപ്രതിപതനത്തിലൂടെ ഒന്നിലധികം പ്രതിബിംബങ്ങൾ ഉണ്ടാക്കാൻ കഴിയും.

**ദർപ്പണങ്ങളുടെ അരികുകൾ തമ്മിലുള്ള കോണളവ് θ ആയാൽ, രൂപീകരിക്കപ്പെടുന്ന പ്രതിബിംബങ്ങളുടെ എണ്ണം, $n = (360/\theta) - 1$ ആയിരിക്കും.**

ഉദാഹരണമായി രണ്ട് ദർപ്പണങ്ങൾ തമ്മിലുള്ള കോണളവ് $60^0$ ആയാൽ ഉണ്ടാകുന്ന പ്രതിബിംബങ്ങളുടെ എണ്ണം $n = (360/60)-1$

$= 6-1=5$. ആയിരിക്കും.

